# ഫാമിലി ലിവിംഗ്

## മഹിളാചന്ദ്രിക ,ഒക്ടോബർ, 2015

പുറമേ നിന്നും ആസ്വദിക്കാവുന്ന സൗന്ദര്യത്തിനപ്പുറം  വീടിനുള്ളിലെ നമ്മുടെ ജീവിതത്തിനു മാറ്റ് കൂട്ടാൻ കഴിയുന്നതാവണം നമ്മുടെ വീട്. ഒരിക്കലും തീർന്നു പോവാത്ത ലഹരിയാവണം ഓരോ വീടകവും ഓരോ നിമിഷങ്ങളിലും നമുക്ക് ചൊരിയേണ്ടത്. കൂടുമ്പോൾ ഇമ്പം തോന്നുന്നത് എന്നാണല്ലോ 'കുടുംബം' എന്നതിൻറെ മറ്റൊരു വിവക്ഷ. കുടുംബ ബന്ധങ്ങളും അതിലെ പവിത്രതയും ഐക്യവും ഉറപ്പിക്കാൻ തക്ക വിധമാണ് അകത്തളങ്ങളെ അലങ്കരിക്കേണ്ടത്.

കുടുംബാംഗങ്ങളുടെ  കളിയും ചിരിയും  നിറഞ്ഞ  ഒരു പിടി സന്തോഷ  നിമിഷങ്ങളെ സമ്മാനിക്കാനുള്ള  വീടിനുള്ളിലെ ഇടമാണ് ഫാമിലി ലിവിങ്ങ് റൂമുകൾ.  ഫോർമൽ ലിവിങ്ങിൻറെ ഔപചാരികത ഒട്ടുമില്ലാതെ, വീട്ടംഗങ്ങൾക്ക്  ഒരുമിച്ചിരുന്നു സമയം ചിലവഴിക്കാനും ഏറ്റവും അടുത്ത ബന്ധുക്കളെ സ്വീകരിക്കാനും സൗകര്യത്തിലാണ് ഇവ ചിട്ടപ്പെടുത്തേണ്ടത്. കാറ്റും വെളിച്ചവും ആവശ്യത്തിനു ലഭിക്കുന്ന ദിശയിലാണ് ഫാമിലി ലിവിങ്ങും അറേഞ്ചു ചെയ്യേണ്ടത്. വീട്ടിലെ അംഗങ്ങൾക്കനുസരിച്ചാണ് ഇതിൻറെ വലിപ്പം നിശ്ചയിക്കേണ്ടത്. ഫാമിലി ലിവിങ്ങിനോട് ചേർന്ന് പുറത്തേക്ക് ഇറങ്ങിനിൽക്കാനും, പോസിറ്റീവായ ഒരു ഉണർവ്വ് നൽകാനും, പ്രകൃതിയെ ആസ്വദിച്ചു കുടുംബാംഗങ്ങൾക്ക് ഒരുമിച്ചിരിക്കാനും പാകത്തിൽ ഒരു പാഷ്യോ നൽകുന്നതും നല്ലതാണ്. എപ്പോഴും ആളുകളുടെ ഇടപെടലുകൾ ഉണ്ടാവാൻ സാധ്യതയുള്ളതിനാൽ ലൈഫുള്ള നല്ല മെറ്റീരിയൽസ് ആണ് ഇവിടെ ഉപയോഗിക്കേണ്ടത്. മറ്റുള്ള ഭാഗങ്ങളെ അപേക്ഷിച്ച് ജലാംശം കേറാൻ സാധ്യതയുള്ള പാഷ്യോയിൽ റസ്റ്റിക്ക് ഫിനിഷിലുള്ള ഫ്ലോറിങ്ങ് ആണ് ഉചിതം. കൂടാതെ ചാരിയിരിക്കുന്ന ഭാഗങ്ങളിൽ മുടിയിലെ എണ്ണക്കൊഴുപ്പോ മറ്റു അഴുക്കുകളോ ചുമരുകളിൽ പിടിക്കാതിരിക്കാൻ ആ ഭാഗങ്ങളിൽ സ്റ്റോണ് ക്ലാഡിങ്ങോ വുഡൻ പാനലിങ്ങോ നൽകാവുന്നതാണ്.അനുയോജ്യമായ രീതിയിൽ  സീറ്റിങ്ങ് സ്പേസും ആവശ്യമെങ്കിൽ ഒരു LCD യൂണിറ്റും  ഇവിടെ നൽകാം.

ഫോർമൽ ലിവിങ്ങിനും ഫാമിലി ലിവിങ്ങിനും അനുബന്ധമായി വീടിനു മുകൾ നിലയിലായി അപ്പർ ലിവിങ്ങും നൽകി വരാറുണ്ട്. ആവശ്യത്തിനു കാറ്റും വെളിച്ചവും കിട്ടാവുന്ന രീതിയിൽ അനുയോജ്യമായ സിറ്റിംഗ് സ്പേസും നൽകിയാണ് ഇവ അറേഞ്ചു ചെയ്യേണ്ടത്. മുകൾ നിലയിൽ നിന്നും സൗകര്യപ്രദമായ രീതിയിൽ താഴെ കോമണ് ഏരിയകളിലേക്ക് കാണുവാനും അവിടേക്ക് ആവശ്യത്തിനു വെളിച്ചം ലഭിക്കാനും ലിവിങ്ങ് റൂമിൽ നിന്നും ഒരു സീൻ ബിലോ(SEEN BELOW) അനുയോജ്യമായ രീതിയിൽ നൽകാവുന്നതാണ്. അപ്പർ ലിവിങ്ങിനോടനുബന്ധിച്ച് ഒരു സ്റ്റഡി ഏരിയയോ, ലൈബ്രറിയോ അനുയോജ്യമായി ക്രമീകരിക്കാവുന്നതാണ്. മറ്റുള്ള റൂമുകളെ അപേക്ഷിച്ച് വലിയ പ്രൈവസിയൊന്നും ലിവിങ്ങ് റൂമുകളുടെ ഡോറുകൾക്ക് നൽകാറില്ല. ആകർഷകമായ രീതിയിൽ ഓപ്പണ് ടൈപ്പിലോ അല്ലെങ്കിൽ സ്ലൈഡിംഗ്, ഫോൾഡിങ്ങ് ഡോറുകളോ ഇവിടെ നൽകാം. ഓപ്പണ് ഫീൽ ലഭിക്കാൻ ഗ്ലാസിലോ വുഡിലോ ഇവ കോണ്സെപ്റ്റിനനുസരിച്ചു ഡിസൈൻ ചെയ്യാവുന്നതാണ്.

മുകൾ നിലയിലെ  ലിവിങ്ങിൽ നിന്നും പുറത്തേക്കു ഒരു ബാൽക്കണി നൽകുന്നതും അനുയോജ്യമാണ്. കാറ്റ് ലഭിക്കുന്ന, പ്രകൃതിയുടെ പോസിറ്റീവ് എനർജി ആവോളം

ആസ്വദിക്കാൻ പറ്റുന്ന ദിശയിലായിരിക്കണം ബാൽക്കണി ഡിസൈൻ ചെയ്യേണ്ടത്. വീടിൻറെ മുൻ വശങ്ങളിലേക്കും ലാൻഡ്സ്കേപ്പിലേക്കും കാണുന്ന രീതിയിലാണ് ഇവ സംവിധാനിക്കേണ്ടത്.. വെള്ളത്തിന്റെ സാന്നിദ്ധ്യം ഉണ്ടാവാൻ സാധ്യതയുള്ളതിനാൽ റസ്റ്റിക്ക് വാട്ടർ പ്രൂഫ് മെറ്റീരിയൽസ് ആണ് ഫ്ലോറിൽ ഉപയോഗിക്കാൻ അഭികാമ്യം. വീടിൻറെ മൊത്തം ഡിസൈൻ ശൈലിക്ക് അനുയോജ്യമായ രീതിയിൽ ഒരു കൈവരിയോ(HANDRAIL) ചാരുപടിയോ ബാൽക്കണിയിൽ നൽകാം. ഗ്ലാസ്സ്, സ്റ്റീൽ, വുഡ്, കോൺക്രീറ്റ് എന്നീ മെറ്റീരിയലുകലിലോക്കെ ഇവ ചെയ്തു വരാറുണ്ട്.